ജനുവരി 2017

# അവൻ അവരോടുകൂടെ താമസിക്കുവാൻ കയറി – ലൂക്കാ 24:29

## വിചിന്തനം:



എമ്മാവൂസിലേക്കുള്ള യാത്രയിൽ മ്ളാനവദനരായ രണ്ടു ശിഷ്യന്മാരെ നാം കാണുന്നു. അവിടെ നമ്മളെത്തന്നെയോ നമ്മുടെ ചങ്ങാതിമാരെയോ നാം കണ്ടെത്തിയേക്കാം. ഈ ജീവിതത്തിലെ സഹനങ്ങളും പരീക്ഷകളും രക്ഷയ്ക്കുവേണ്ടി, യഥാർത്ഥവും നിത്യവുമായ ആനന്ദത്തിനുവേണ്ടിയുള്ള ദാഹത്തിലേക്ക് ഓരോരുത്തരേയും നയിക്കുന്നു. ശിഷ്യന്മാർ "മ്ളാനവദനരായി നിന്നു." കാരണം രക്ഷയെന്ന പ്രതീക്ഷ അസ്തമിച്ചിരിക്കുന്നു; യേശുപോയി. ചൂഴ്ന്നുനിൽക്കുന്ന ഇരുട്ടിൽ നിരാശയില മരുന്ന ഹൃദയം സങ്കീർത്തകനോടൊത്ത് വിലപിച്ചേക്കാം; "കർത്താവേ നീ എന്തുകൊണ്ടാണ് അകന്നുനിൽക്കുക?"

ഈ അവസ്ഥയിലാണ് യേശു അടുത്തേക്ക് വരുന്നത്; അവരെ കാണാൻ, അവരോടൊപ്പം നടക്കാൻ, പകൽ അസ്തമിക്കാറാകുമ്പോൾ അവരോടൊത്തു വസിക്കാൻ. പാതയിൽ യേശു ദൈവവചനത്താൽ അവരെ പ്രബുദ്ധരാക്കുകയും അവരുടെ ഹൃദയങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. താൻ അകലെ കഴിയുന്ന ഒരു ദൈവമല്ല; മറിച്ച്, തന്റെ ജനത്തോടൊപ്പം ചരിക്കുന്ന, അവരുടെ, പ്രത്യേകിച്ച് സഹിക്കുന്നവരുടെ, ചാരത്ത് സദാ വസിക്കുന്ന ദൈവമാണ് എന്ന് പഴയ നിയമത്തിലുടനീളം കാട്ടിത്തരുന്നു. എന്തെന്നാൽ അവിടന്ന് രക്ഷിക്കുന്ന ദൈവമാണ്. നിരാശപൂണ്ട ഈ ശിഷ്യരോടൊപ്പം യാത്ര ചെയ്യുമ്പോൾ യേശു വിശുദ്ധ ലിഖിതങ്ങളിലൂടെയും രക്ഷാകര ചരിത്രത്തിലൂടെയും അവരെ നയിക്കുന്നു. അത് ദൈവത്തിന്റെ വിശ്വസ്തതയും സ്നേഹവും അചഞ്ചലമാണെന്ന് അവരെ ബോദ്ധ്യപ്പെടുത്താൻ വേണ്ടിയായിരുന്നു.

യേശു ഇത് അവർക്കു വ്യാഖ്യാനിച്ചുകൊടുത്തത് വിശുദ്ധ ലിഖിതങ്ങൾ ചൂണ്ടിക്കാട്ടി മാത്രമായിരുന്നില്ല; പിന്നെയോ, ഈ ലിഖിതങ്ങളിലെല്ലാം തന്നെ ദർശിക്കുവാൻ അവരുടെ കണ്ണുകൾ തുറന്നുകൊടുത്തുകൊണ്ടായിരുന്നു. ലിഖിതമായ ദൈവവചനം ദൈവസാമീപ്യത്തെക്കുറിച്ച് വാചാലമാണ്. എന്നാൽ ദൈവവചനം, പിതാവിനോടൊപ്പം നിത്യനായവൻ, "വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു"വെന്ന അവസ്ഥവരെ സമീപസ്ഥമാണ്; മാത്രമല്ല, പാതയിലുടനീളം നമ്മോടൊത്തു യാത്രചെയ്യുന്നു. ദുരിതങ്ങളുടെ കാലത്ത് ചുറ്റിപ്പിടിക്കാൻ പ്രചോദനമേകുന്ന സന്ദേശങ്ങളോ ജ്ഞാനവചസ്സുകളോ മാത്രമല്ല ഒടുവിൽ ദൈവം നൽകുന്നത്. അവിടന്ന് തന്റെ വചനം നമുക്ക് നൽകുന്നു. യുഗാന്തംവരെ നമ്മോടൊപ്പം സഹഗമിക്കാനും സദാ നമ്മോടൊപ്പം വസിക്കാനും അവിടന്ന് സ്വയം ദാനമായി തരുന്നു. വ്യവസ്ഥകളില്ലാത്തതും സ്വയം ശൂന്യവല്ക്കരിക്കുന്നതുമായ സ്നേഹമായി തന്റെ ആഴങ്ങൾ ദൈവം യേശുവിൽ അനാവരണം ചെയ്തിരിക്കുന്നു. പിതാവിന്റെ വചനമായ, ദൈവത്തിന്റെ വസിക്കുന്ന സാന്നിധ്യമായ, യേശുവിനെ നമ്മുടെ നിരാശയകറ്റി, വിശുദ്ധ ലിഖിതങ്ങൾ അവിടന്ന് നമുക്കു തുറന്നുതരുമ്പോൾ നമ്മുടെ ഹൃദയങ്ങളിൽ അഗ്നി കൊളുത്തി നമ്മോടൊത്തു വസിക്കാൻ നമുക്കു ക്ഷണിക്കാം.

## വിശുദ്ധന്റെ മൊഴി:

ദൈവം തന്റെ ഏകവചനമായ പുത്രനെ നൽകിക്കൊണ്ട്, ആ ഒറ്റവാക്കിൽ സകലതും പറഞ്ഞിരിക്കുന്നു. ഇനി വേറൊരു വെളിപാടിന്റെയാവശ്യമില്ല. അവിടന്ന് പ്രവാചകരിലൂടെ ഭാഗികമായി സംസാരിച്ചുവെങ്കിലും ഇപ്പോൾ സകലതും ക്രിസ്തുവിൽ സംസാരിച്ചിരിക്കുന്നു. അവിടന്ന് സകലതും, തന്റെ അരുമസുതനെ, നമുക്കു നൽകിയിരിക്കുന്നു. *(കുരിശിന്റെ വിശുദ്ധ യോഹന്നാൻ)*

## നമുക്കു ചെയ്യാം:

അത്യഗാധമായ സ്നേഹത്തോടെ നമ്മെ സഹഗമിക്കുന്ന വചനത്തെക്കുറിച്ച് അവബോധമുള്ളവരാകാൻവേണ്ടി തിരക്കേറിയ അനുദിന ജീവിതത്തിൽ ചെറിയ ഇടവേളകൾ നമുക്കു കണ്ടെത്താം.

*ദൈവമേ സ്തുതി, ദൈവമേ നന്ദി. അവതരിച്ച വചനമേ പ്രണാമം.*